1. വിപണന മാന്ദ്യം കാരണം കയറുൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടാകുമ്പോൾ അവ വാങ്ങി സംഘങ്ങളേയും ചെറുകിട ഉൽപാദകരേയും സഹായിക്കുവാൻ കയർഫെഡിനും സംസ്ഥാന കയർ കോർപ്പറേഷനും "ഡിസ്ട്രസ്സ് പർച്ചേസ് സ്കീം" പ്രകാരം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കുന്നു.

2. കയറുൽപ്പന്നങ്ങൾ വിറ്റഴിക്കൽ കയർ വികസന കോർപ്പറേഷനും, കയർഫെഡിനും, ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡിനും വിപണന വികസന പ്രവർത്തനങ്ങൾക്കുള്ള ധനസഹായം ഓഹരി മൂലധനമായി അനുവദിക്കുന്നു.

3. പരസ്യപ്രചരണത്തിനും കൂടുതൽ ഷോറൂമുകൾ ആരംഭിക്കുന്നതിനും പ്രദർശന വില്പനകൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകുന്നു.

4. കയർ, കയറുൽപ്പന്നങ്ങൾ എന്നിവയ്ക്ക് 20% റിബേറ്റ് അനുവദിക്കുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

(സി) ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. 1997-98-ൽ അംഗസംഘങ്ങളിൽ നിന്ന് കയർഫെഡ് 16.30 കോടി രൂപയുടെ കയർ, കയറുൽപ്പന്നങ്ങൾ വാങ്ങിയിരുന്നത് 1998-99-ൽ 20.20 കോടി രൂപയായി വർദ്ധിച്ചു. ഈ വർദ്ധനവ് പുനരുദ്ധാരണ പദ്ധതി പ്രകാരം സംഘങ്ങളിലെ ഉൽപാദനത്തിൽ ഉണ്ടായ വർദ്ധനവാണ്.

(ഡി) പുനരുദ്ധാരണ പദ്ധതി പ്രകാരം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഏകദേശം 25,000 തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുള്ളതായി കണക്കാക്കുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 476 സംഘങ്ങൾക്കായി 1360 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

36 (1262) കയർവ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ വ്യവസായ രംഗത്തെ ഇപ്പോഴത്തെ പ്രശ്നങ്ങൾ എന്തെല്ലാമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ കയർ കയറുൽപ്പന്ന വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അസംസ്കൃത വസ്തുക്കളായ തൊണ്ട്, ചകിരി എന്നിവ ആവശ്യാനുസരണം ന്യായവിലയ്ക്ക് ലഭിക്കുന്നില്ലായെന്നതും, ഉൽപ്പാദിപ്പിക്കപ്പെടുന്ന കയർ, കയറുൽപ്പന്നങ്ങൾ എന്നിവ മുഴുവനും വിറ്റഴിക്കാനാവാതെ

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിക്കിടക്കുന്നതുമാണ് കയർ വ്യവസായ രംഗത്തെ ഇപ്പോഴത്തെ പ്രധാന പ്രശ്നങ്ങൾ.

(സി) സംസ്ഥാനത്തെ സഹകരണമേഖലയിലെ കയർ, കയർ ഉൽപ്പന്ന വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പുനരുദ്ധാരണ പദ്ധതി, ഓഹരി മൂലധന നിക്ഷേപ പദ്ധതി, റിബേറ്റ്, പ്രവർത്തന മൂലധന വായ്പ, ചകിരി, തൊണ്ട് എന്നിവയ്ക്കു സബ്സിഡി, പലിശ സബ്സിഡി എന്നിവ നൽകുന്നതിനു പുറമേ സംസ്ഥാനത്തുണ്ടാകുന്ന കയർ യാണിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൈവിധ്യ മാർന്ന കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ കേന്ദ്രീകൃതമായി സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്. കയർ ജിയോ ടെക്സ്റ്റൈൽസ് വിപുലമായി ഉപയോഗിക്കുന്നതിനും നടപടിയെടുത്തുവരുന്നു.

37 (1263) കയർ വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ രംഗത്ത് ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) കയർ വ്യവസായ രംഗത്തെ സംബന്ധിച്ച് ഗവൺമെന്റ് നിയോഗിച്ച ടാസ്ക്ഫോഴ്സിന്റെ ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

(സി) അഷിം ചാറ്റർജി കമ്മിറ്റി റിപ്പോർട്ട് പ്രകാരം എന്തെല്ലാം പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്;

(ഡി) കയർ തൊഴിലാളി സഹകരണ സംഘങ്ങളിൽ സർക്കാർ എടുക്കേണ്ട ഓഹരി തുകകൾ വർദ്ധിപ്പിക്കണമെന്ന ടാസ്ക് ഫോഴ്സ് ശുപാർശ നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ഇ) തൊണ്ട്, അവശ്യസാധന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ലെവി സംഭരിക്കുവാനുള്ള നോട്ടിഫിക്കേഷൻ ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഇപ്രകാരം ലെവി നടക്കുന്നുണ്ടോ;

(എഫ്) തൊണ്ട് സംഭരണത്തിന് ത്രീ പോയിന്റ് ലെവി സമ്പ്രദായം നിർത്തലാക്കിയതുമൂലം തൊണ്ടു വില ക്രമാതീതമായി വർദ്ധിക്കുകയും സഹകരണസംഘങ്ങൾക്ക് തൊണ്ട് ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അഷിം ചാറ്റർജി കമ്മിറ്റി റിപ്പോർട്ടു പ്രകാരം നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. കയർ കയറുൽപ്പന്നങ്ങൾക്ക് 20% റിബേറ്റ് നൽകുന്ന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly